പതിമൂന്നാം കേരള നിയമസഭ

പത്താം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 129

06.01.2014-ൽ മറുപടിയ്ക്ക്

## സാംസ്കാരികപ്രവർത്തകക്ഷേമനിധി ബോർഡ്

ചോദ്യം

ശ്രീമതി.ഗീതാ ഗോപി

മറുപടി

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ
(വനം, പരിസ്ഥിതി, ഗതാഗതം,
സ്പോർട്സ്, സിനിമ വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | സ ാംസ്കാരിക പ്രവർത്തക ക്ഷേമനിധി ബോർഡ് പ്രവർത്തിക്കുന്നു ണ്ട േ ാ; പ്രവർത്തനങ്ങൾ വിശദമാക്കുമോ; | (എ) | ഉണ്ട്. സംസ്ഥാനത്ത് വിവിധ കലാ സാംസ്കാരിക രംഗത്ത് പ്രവർത്തിച്ചിരുന്നവരോ, ഇപ്പോൾ പ്രവർത്തിച്ചു വരുന്നവരോ ആയ കലാകാരൻമാർക്ക് ആശ്വാസം നൽകുന്നതിനും അവരുടെ ക്ഷേമം അഭിവൃദ്ധിപ്പെടുത്തുന്നതിനും അവർക്ക് പെൻഷൻ ഉൾപ്പെടെയുള്ള ആനുകൂല്യങ്ങൾ നൽകുന്നതിനുമുള്ള പ്രവർത്തനങ്ങളാണ് ബോർഡ് കൈക്കൊണ്ടു വരുന്നത്. ഇതിനായി കലാസാംസ്കാരിക പ്രവർത്തകരിൽനിന്നും അംഗത്വത്തിനായി ലഭിക്കുന്ന അപേക്ഷകൾ പരിശോധിച്ച് അർഹരായവർക്ക് അംഗത്വം നല്കി അംഗത്വകാർഡ് വിതരണം ചെയ്യുന്നതിനും അംഗങ്ങളിൽ നിന്നും യഥാസമയം അംശാദായം പിരിച്ചെടുക്കുന്നതിനും നടപടികൾ കൈക്കൊണ്ടുവരുന്നു. അതോടൊപ്പം തന്നെ 60 വയസ് കഴിഞ്ഞവർക്കും ചട്ടങ്ങൾ പ്രകാരമുള്ള അംശാദായം അടച്ച് ക്ഷേമനിധി പെൻഷന് അർഹമാകുന്നവർക്ക് അവ നൽകുന്നതിനും ക്ഷേമനിധി പദ്ധതി പ്രകാരമുള്ള മറ്റ് ആനുകൂല്യങ്ങൾക്കായി അപേക്ഷ സമർപ്പിക്കുന്ന അർഹരായ അംഗങ്ങൾക്ക് അവ നല്കുന്നതിനുമുള്ള പ്രവർത്തനങ്ങളും കൈക്കൊണ്ട് വരുന്നു. കൂടാതെ ക്ഷേമനിധി ബോർഡിന് ആവശ്യമായ ഫണ്ട് സ്വരൂപിക്കുന്നതിന് ക്ഷേമനിധി ആക്റ്റിലെയും ചട്ടങ്ങളിലെയും വ്യവസ്ഥകൾ |

| | | | |
|---|---|---|---|
| | | | പ്രകാരമുള്ള നടപടികളും ബോർഡ് കൈക്കൊണ്ടുവരുന്നു. |
| (ബി) | പ്രസ്തുത ബോർഡ് സാംസ്കാരിക പ്രവർത്തകർക്ക് നല്കുന്ന ആനുകൂല്യങ്ങളെക്കുറിച്ച് വ്യക്തമാക്കുമോ ; | (ബി) | 2013 -ലെ കേരള സാംസ്കാരിക പ്രവർത്തകക്ഷേമനിധി പദ്ധതിപ്രകാരം ക്ഷേമനിധി അംഗങ്ങൾക്ക് ലഭ്യമാകുന്ന ആനുകൂല്യങ്ങൾ സംബന്ധിച്ച വിവരങ്ങൾ അനുബന്ധമായി വച്ചിട്ടുണ്ട്. |
| (സി) | നടപ്പു സാമ്പത്തിക വർഷത്തിൽ പ്രസ്തുത ബോർഡിന്റെ പ്രവർത്തനത്തിന് സർക്കാർ എത്ര തുക വകയിരുത്തിയെന്നും എത്ര തുക വിവിധ ഇനങ്ങൾക്ക് വകമാറ്റി ചെലവാക്കിയെന്നും വ്യക്തമാക്കുമോ ? | (സി) | നടപ്പു സാമ്പത്തികവർഷത്തെ ബഡ്ജറ്റിൽ ഈ ക്ഷേമനിധി ബോർഡിനായി ഒരു തുകയും വകയിരുത്തിയിട്ടില്ല. |

സെക്ഷൻ ഓഫീസർ

## ക്ഷേമനിധി ആനുകൂല്യങ്ങൾ -

(1) കുറഞ്ഞത് 5 വർഷം തുടർച്ചയായി അംശദായം അടച്ച ഒരംഗത്തിന് 60 വയസ്സ് പൂർത്തിയാകുന്നമുറയ്ക്ക് പ്രതിമാസം 1000 രൂപ പെൻഷന് അർഹതയുണ്ട്. അഞ്ചുവർഷത്തിലധികം അംഗത്വത്തിന് ഓരോ അംഗത്വ വർഷത്തിനും പ്രതിമാസം 100 രൂപ വീതം പെൻഷന് വ്യവസ്ഥയുണ്ട്.

(2) ക്ഷേമനിധിയിൽ കുറഞ്ഞത് 10 വർഷം അംശദായം അടച്ച് സ്ഥിരമായി ശാരീരിക അവശത മൂലം കലാ സാംസ്കാരിക പ്രവർത്തനം നടത്താൻ കഴിയാത്ത അംഗത്തിനും മേൽ പറഞ്ഞ നിരക്കിൽ അവശതാ പെൻഷന് അർഹതയുണ്ട്.

(3) കുറഞ്ഞത് രണ്ടു വർഷം അംശദായം അടച്ച അംഗമോ, ക്ഷേമനിധി പെൻഷൻ ലഭിച്ചുവരുന്ന അംഗമോ, മരണപ്പെട്ടാൽ അയാളുടെ കുടുംബത്തിന് കുടുംബ പെൻഷന് അർഹതയുണ്ട്. ഏറ്റവും കുറഞ്ഞ കുടുംബ പെൻഷൻ 750 രൂപയാണ്.

(4) കുറഞ്ഞത് ഒരു വർഷമെങ്കിലും നിധിയിലേക്ക് അംശദായം അടച്ച അംഗത്തിന്റെയോ അംഗത്തിന്റെ പ്രായപൂർത്തിയായ പെൺമക്കളുടെയോ വിവാഹാവശ്യത്തിന് 25000 /- രൂപ വരെ ധന സഹായമായി ലഭിക്കുന്നതാണ്.

(5) ഒരംഗത്തിന്റെ മരണാന്തര ചെലവായി 3000 രൂപ നിധിയിൽ നിന്നും ലഭിക്കുന്നതിന് അർഹതയുണ്ട്.

(6) മൂന്നു വർഷമെങ്കിലും നിധിയിലേക്ക് അംശദായം അടച്ച അംഗത്തിന്റെ ചികിത്സക്കായി അംഗത്വകാലയളവിൽ പരമാവധി 50000 /- ചികിത്സാ സഹായമായി ലഭിക്കുന്നതാണ്. എന്നാൽ ഒരു പ്രാവശ്യത്തെ ചികിത്സാ സഹായം 25000 രൂപയിൽ കവിയുവാൻ പാടില്ല.

(7) ഹൃദ്രോഗം, കാൻസർ, വൃക്ക സംബന്ധമായ അസുഖങ്ങൾക്ക്, അംഗത്വം കാലാവധി പരിഗണിക്കാതെ പരമാവധി 75000 /- രൂപ നൽകുന്നതിന് വ്യവസ്ഥയുണ്ട്.

(8) അഞ്ചുവർഷത്തിൽ കുറയാത്ത കാലയളവിലേക്ക് അംശദായം അടച്ചിട്ടുള്ള അംഗങ്ങളുടെ മക്കൾക്ക് ബിരുദ – ബിരുദാനന്തര പഠന ചെലവുകൾക്കായി, വായ്പ തുക 60 തവണകളായി 6 % പലിശ സഹിതം തിരികെ അടക്കണമെന്ന വ്യവസ്ഥയിൽ, വായ്പ നൽകാവുന്നതാണ്. 90 ശതമാനമോ അതിലധികമോ മാർക്ക് ലഭിച്ചിട്ടുള്ള അംഗങ്ങളുടെ മക്കൾക്ക് ഉപരിപഠനത്തിനായി 5000 രൂപ പ്രതിവർഷ സ്കോളർഷിപ്പ് നൽകാവുന്നതാണ്.

(9) മരണാനന്തര സഹായം, പ്രസവാനുകൂല്യം എന്നിവയും പദ്ധതിയിൽ വ്യവസ്ഥയുണ്ട്.

---

Deepu
Section Officer